ഈറ ഇന്നു കിട്ടാൻ വളരെ ബുദ്ധിമുട്ടുള്ള ഒരു വസ്തുവായി മാറിയിരിക്കുകയാണ്. ബഹുമാനപ്പെട്ട നൂറുദ്ദീൻ സാഹിബ് വളരെയധികം ശ്രദ്ധ കേന്ദ്രീകരിച്ച് ആ പാവപ്പെട്ട തൊഴിലാളികൾക്കു വേണ്ടി അങ്ങേയറ്റം പരിശ്രമിക്കുന്നുണ്ടെങ്കിലും വരും കൊല്ലങ്ങളിൽ നമുക്കാവശ്യമായ ഈറ കാടുകളിൽ ഇല്ലാതാകുന്ന സ്ഥിതിയുണ്ട്. ഈറകൃഷി വ്യാപിപ്പിക്കുന്നതിനുവേണ്ടി ഗവൺമെൻറ് തലത്തിൽ നടപടി സ്വീകരിക്കുകയുണ്ടായിട്ടുണ്ടെങ്കിലും അത് ഫലവത്തായിട്ടില്ല. അതുകൊണ്ട് അതിരൂക്ഷമായ ഈ പ്രശ്നത്തിന്റെ പരിഹാരത്തിനുവേണ്ടി ദീർഘവീക്ഷണത്തോടുകൂടി ഈ കാര്യങ്ങൾ കൈകാര്യം ചെയ്തില്ലെങ്കിൽ വരും കൊല്ലങ്ങളിൽ ഈറ ലഭിക്കാതെവരും. അതിന്റെ ഫലമായി ഈ പാവപ്പെട്ട തൊഴിലാളികൾ പട്ടിണിയിലേക്ക് നീങ്ങുന്ന സ്ഥിതി വരും. അതുകൊണ്ട് ഈ കാര്യത്തിൽ അടിയന്തിര ശ്രദ്ധ പതിപ്പിച്ച് ഈറക്കൃഷി വ്യാപിപ്പിക്കുന്നതിന് ഗവൺമെൻറ് ശ്രമിക്കണം. വെള്ളൂർ ന്യൂസ്പ്രിൻറ് ഫാക്ടറിക്കുവേണ്ടി മൂക്കാത്ത ഈറവെട്ടി നശിപ്പിക്കുന്നതുകൊണ്ട് ഈറക്കാടുകൾ അതിവേഗം നശിച്ചുപോകുന്ന സ്ഥിതിക്ക് പരിഹാരമുണ്ടാക്കണമെന്നു ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്.

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) : കേരളത്തിലെ ഈറ ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട എം. വി. മാണിയും ശ്രീ. പി. പി. തങ്കച്ചനും ഉൾപ്പെടെയുള്ളവർ അംഗങ്ങളായി ഒരു മീറ്റിംഗ് ചേർന്ന് ചർച്ച ചെയ്യുകയുണ്ടായി. ആ മീറ്റിംഗിൽ ഈറക്കൃഷി വർദ്ധിപ്പിക്കുന്നതിനുള്ള ചില പരിപാടികൾക്കു രൂപം നൽകുകയുണ്ടായി. കഴിഞ്ഞ നാളുകളിൽ നടത്തിയ പ്രവർത്തനങ്ങൾ അത്രമാത്രം മെച്ചമാണെന്നു പറയാൻ സാദ്ധ്യമല്ല. അതിന് രണ്ടുമൂന്നു കാരണങ്ങളുമുണ്ട്. പ്രധാനമായും നമുക്ക് ആവശ്യമായ വിത്തു കിട്ടുന്നത് ഈറക്കാടുകൾ പൂക്കുമ്പോഴാണ്. പതിനെട്ടും ഇരുപതും വർഷം കൂടുമ്പോഴാണ് ഈറക്കാടുകൾ പൂക്കുന്നത്. അതുകൊണ്ട് എല്ലാകാലവും വിത്തു കിട്ടുകയില്ല. വിത്തുകിട്ടി അതു മുളപ്പിച്ചാൽതന്നെ മറ്റൊരു അപകടമുള്ളത് കാട്ടു മൃഗങ്ങളും നാട്ടുമൃഗങ്ങളും വളർന്നുവരുന്ന തൈകൾ കടിച്ചു നശിപ്പിക്കുന്നുയെന്നുള്ളതാണ്. മറ്റൊരു പ്രശ്നമുള്ളത് കാട്ടുതീ ഉണ്ടായി നശിക്കുന്നതാണ്. മാംകുളത്ത് കഴിഞ്ഞ രണ്ടുവർഷമായി പരീക്ഷണാർത്ഥം നടത്തിയ കൃഷിയിൽ 100 ഹെക്ടർ സ്ഥലത്ത് ഈ രണ്ടു ശല്യവുമിലാതെ പ്ലാൻറേഷൻ നടന്നുവരികയാണ്. മറ്റു രണ്ടു സ്ഥലങ്ങളിൽ അത്ര നന്നായിട്ടില്ല. എങ്കിലും ഭാവിയിൽ ഈറക്ഷാമം പരിഹരിക്കുന്നതിനുവേണ്ടിയുള്ള പദ്ധതിയുടെ ഭാഗമായി ടൈഗർ പ്രോജക്ടിനോടനുബന്ധിച്ച് വനഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സാങ്കേതിക സഹായത്തോടുകൂടി രണ്ടായിരം ഹെക്ടർ സ്ഥലത്ത് ഈറക്കൃഷി നടത്തുന്നതിനുള്ള ഒരു പദ്ധതിക്ക് രൂപം കൊടുത്തുവരികയാണ്.

(10) ഗവൺമെൻറ് കോളേജുകളിൽ അറബി അദ്ധ്യാപകരെ പിരിച്ചുവിടൽ

ശ്രീ. എം. വി. രാഘവൻ : നമ്മുടെ ഗവൺമെൻറ് കോളേജുകളിലുള്ള അറബി അദ്ധ്യാപകരിൽ എട്ടുപേരെ പിരിച്ചു വിട്ടു എന്നാണ് അറിയുന്നത്. പലരേയും പിരിച്ചുവിടാൻപോകുന്നു എന്നും കേൾക്കുന്നു. പിരിച്ചുവിടപ്പെട്ട ആളുകളെ പി. എസ്. സി. ലിസ്റ്റു പ്രകാരം എടുത്തിട്ടുള്ളതാണ്. പെർമനൻറ് പോസ്റ്റ് എന്നു പറഞ്ഞാണ് പി. എസ്. സി. സെലക്ട് ചെയ്തത്. പക്ഷേ ഇപ്പോൾ അവരെ പിരിച്ചുവിടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അതിനുള്ള കാരണമായി പറയുന്നത് വിദേശത്തു ജോലിക്കുപോയവർ തിരിച്ചുവന്നു എന്നാണ്. ഇവിടെ പ്രൈവറ്റ് സ്കൂളുകളിലും പ്രൈവറ്റ് കോളേജുകളിലും എല്ലാം പ്രൊട്ടക്ഷൻ കൊടുക്കുന്നുണ്ട്. മാനേജ്മെന്റ് നിശ്ചയിക്കുന്ന ആളിന് പ്രൊട്ടക്ഷൻ കൊടുക്കാം. പി. എസ്. സി. പെർമനന്റായി ഗവൺമെന്റ് കോളേജുകളിൽ നിയമിച്ച അറബിക് ടീച്ചർമാർക്ക് സംരക്ഷണം കൊടുക്കണം. അവർക്ക് പ്രൊട്ടക്ഷൻ കൊടുക്കുന്നില്ലെങ്കിൽ വിശ്വവിജ്ഞാനകോശം, ഷോ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയ സ്ഥാപനങ്ങളിൽ അവരെ നിയമിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കണം. അവരെ പിരിച്ചുവിടാതിരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : ദീർഘകാലമായി അവധിയെടുത്ത് പുറം രാജ്യങ്ങളിൽ ജോലിക്ക് പോയിരുന്ന പന്ത്രണ്ട് അറബിക് ലെക്ചർമാർ അവിടെയുള്ള പ്രതികൂല സാഹചര്യങ്ങൾ കാരണം മടങ്ങിവരികയും അവരുടെ ലീവ് ക്യാൻസൽ ചെയ്ത് തിരിയെ ജോലിയിൽ പ്രവേശിക്കണമെന്നാവശ്യപ്പെടുകയും ചെയ്തു. ഇവിടെയുണ്ടായിരുന്ന ഓപ്പൺ വേക്കൻസി നാലെണ്ണമായിരുന്നു. വിദേശത്തുപോയവർ ലീവ് ക്യാൻസൽ ചെയ്തുവന്ന സാഹചര്യത്തിൽ നിലവിലുണ്ടായിരുന്ന എട്ടുപേരെ പിരിച്ചയച്ചുകൊണ്ടാണ് അവരെ പോസ്റ്റ് ചെയ്തത്. പി. എസ്. സി. യുടെ നോട്ടിഫിക്കേഷനിൽ വേക്കൻസി ഹൃസ്വകാലത്തേക്കാണോ ദീർഘ കാലത്തേയ്ക്കാണോ എന്നു പറയാറില്ല.. നിയമപ്രകാരം ഹൃസ്വകാലത്തേക്കുള്ള ഒഴിവുകളിലും പി. എസ്. സി. യുടെ റാങ്ക് ലിസ്റ്റിൽനിന്നുമാണ് ആളെ എടുക്കേണ്ടത്. ഇപ്പോഴത്തെ വേക്കൻസി ഇല്ലാത്തതുകാരണം പിരിച്ച് വിടപ്പെട്ടവരൊക്കെ ആ വിധത്തിൽ നിയമനം കിട്ടിയ ആളുകളാണ്. വിദേശങ്ങളിൽ ജോലി സ്വീകരിക്കുന്നവർക്ക് ചട്ടപ്രകാരം അവർ രാജിവയ്ക്കേണ്ടതില്ല. അവിടെനിന്നും മടങ്ങിവരുമ്പോൾ തിരികെ പഴയ ജോലിയിൽ അവർക്ക് പ്രവേശിക്കാവുന്നതാണ്. ഇനി ഉണ്ടാകുന്ന വേക്കൻസികളിൽ സീനിയോറിറ്റി അടിസ്ഥാനത്തിൽ മുൻഗണനാക്രമം അനുസരിച്ച് കോളേജ് ലക്ചർമാരായി നിയമിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്. മൂന്നുവർഷം മുതൽ ഒരുമാസംവരെ സർവ്വീസിലുണ്ടായിരുന്ന ഇവർക്ക് എല്ലാം പ്രൊട്ടക്ഷൻ കൊടുക്കണമെന്നു ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു. പ്രൊട്ടക്ഷൻ കൊടുക്കുവാൻ നിർവ്വാഹമില്ല. സ്കൂളുകളിലെ അദ്ധ്യാപകർക്കുതന്നെ ഈ വർഷംമുതൽ പ്രൊട്ടക്ഷൻ കൊടുക്കുന്നതു നിറുത്തിയിരിക്കുകയാണ്. അതുകൊണ്ട് പ്രൊട്ടക്ഷൻ കൊടുക്കുക എന്ന സംവിധാനത്തിലേക്ക് ഇനി പോകാൻ കഴിയില്ല. ഇനി ഉണ്ടാകുന്ന വേക്കൻസികളിൽ അവരെ നിയമിച്ചുകൊണ്ട് അവരുടെ ബുദ്ധിമുട്ടുകളും പരിഹരിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കാം.

(11) നാലാം ശമ്പളകമ്മീഷൻ റിപ്പോർട്ടിലുള്ള അപാകതകൾ

ശ്രീ. രാഘവൻ പൊഴക്കടവിൽ : സർ, നാലാം ശമ്പളകമ്മീഷൻ ശുപാർശയിൽ പല വകുപ്പുകളിലെയും ജീവനക്കാർക്ക് ശമ്പളത്തിൽ പല അപാകതകളും വരുത്തിയിട്ടുണ്ട്. ആ അപാകതകൾ പ്രത്യേകിച്ചും കൃഷിഡിസ്പാർട്ടുമെന്റിലാണ് പ്രകടമായി കാണുന്നത്. കാർഷികബിരുദധാരികളെ പ്രൊഫഷണൽ കേഡറിൽ രണ്ടാംതരക്കാരായും ശമ്പളകാര്യത്തിൽ മൂന്നാംതരക്കാരായും മാറ്റിയിരിക്കുന്ന വിധത്തിലാണ് ശമ്പളസ്കെയിൽ പ്രഖ്യാപിച്ചിട്ടുള്ളത്. പ്രീഡിഗ്രിയും എൻട്രൻസ് പരീക്ഷയും കാർഷികസർവ്വകലാശാലാ ബിരുദവുമെടുത്ത് കൃഷിവകുപ്പിൽ ജോലിചെയ്യുന്ന അഗ്രികൾച്ചറൽ ഓഫീസർമാരുടെ സ്ഥിതി കമ്മീഷൻ അവഗണിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly